(ഡി) എങ്കിൽ ഈ അപാകത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കാസർഗോഡ് ജില്ലയിലെ അജാനൂർ ഗ്രാമപഞ്ചായത്ത് മഡിയൻ ജംഗ്ഷനിലെ ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം

106 [1683] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ അജാനൂർ ഗ്രാമപഞ്ചായത്ത് മഡിയൻ ജംഗ്ഷനിലെ നിർമ്മാണം തുടങ്ങാനിരുന്ന ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ആരുടെ പരാതിപ്രകാരമാണ് സ്റ്റേ ഉത്തരവ് നൽകിയിട്ടുള്ളതെന്നും പരാതിയിൽ പറഞ്ഞ കാര്യങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) സ്റ്റേ ഉത്തരവ് പിൻവലിച്ച് ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് പഞ്ചായത്ത് പ്രസിഡന്റ് നൽകിയ ഹർജിയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഇക്കാര്യത്തിലുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. എം. എസ്. ശിഹാബ് തങ്ങൾ എന്നയാൾ നൽകിയ പരാതി പ്രകാരമാണ് സ്റ്റേ ഉത്തരവ് നൽകിയത്. തന്റെ പറമ്പിനോട് ചേർന്ന് വീടും പീടിക മുറികളും സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിനു മുമ്പിലായി പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം നടന്നാൽ അദ്ദേഹത്തിനു വീടുപണിയാനും ഉപജീവന മാർഗ്ഗത്തിനായി പീടിക മുറികൾ സ്ഥാപിക്കുവാനും കഴിയാതെ വരും എന്നതായിരുന്നു പരാതി.

(സി ആന്റ് ഡി) പഞ്ചായത്ത് പ്രസിഡന്റ് നൽകിയ ഹർജിയിന്മേൽ കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly